ശബരിമല വാർത്താക്കുറിപ്പ്
31.12.2024
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## മകരവിളക്ക് തീർത്ഥാടനത്തിനായി നട തുറന്ന ശേഷമുള്ള ആദ്യ കളഭാഭിഷേകം നടന്നു

മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്ര നട തുറന്നതിന് ശേഷമുള്ള ആദ്യ കളഭാഭിഷേകം ഇന്ന് (ഡിസംബർ 31ന്) നടന്നു. ശബരിമല സന്നിധാനത്തെ ഏറ്റവും പ്രധാനപ്പെട്ട വഴിപാടുകളിലൊന്നാണ് കളഭാഭിഷേകം. ഉച്ചപൂജയ്ക്ക് മുൻപായി 12 മണിക്കാണ് കളഭാഭിഷേകം നടന്നത്. തന്ത്രി കണ്ഠരര് ബ്രഹ്മദത്തന്റെ കാർമികത്വത്തിൽ പൂജിച്ച ശേഷം കളഭാഭിഷേകത്തിനുള്ള കളഭകുംഭവുമായി മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരി വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ശ്രീകോവിലിനുചുറ്റും പ്രദക്ഷിണം വച്ചു. അതേ തുടർന്ന് കളഭാഭിഷേകം നടത്തി. ദേവസ്വം ബോർഡ് മെമ്പർ അജികുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിജു വി. നാഥ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## മകരവിളക്ക് തീർത്ഥാടനം: നെയ്യഭിഷേകത്തിന് തുടക്കമായി

ശബരിമല: മകരവിളക്ക് തീർത്ഥാടനത്തിനായി ഇന്നലെ നട തുറന്ന ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നെയ്യഭിഷേകത്തിന് ഇന്ന് (ഡിസംബർ 31) തുടക്കമായി. രാവിലെ 3.30ന് തുടങ്ങി 7 വരെയും തുടർന്ന് രാവിലെ 8 മുതൽ 11 വരെയും നെയ്യഭിഷേകം നടന്നു.അയ്യപ്പനുള്ള മുഖ്യമായ വഴിപാടാണ് നെയ്യഭിഷേകം. നെയ്യഭിഷേകം നടത്തിയ ശേഷം ശ്രീകോവിലിൽ നിന്ന് ലഭിക്കുന്ന നെയ്യ് ദിവ്യപ്രസാദമായി അയ്യപ്പഭക്തർ സ്വീകരിക്കുന്നു. ജനുവരി 19 വരെയാണ് തീർത്ഥാടകർക്ക് നെയ്യഭിഷേകത്തിന് അവസരം ലഭിക്കുന്നത്. ജനുവരി 20ന് രാവിലെ നടയടയ്ക്കും.

## പാപനാശത്തിനായി പുണ്യസ്നാനം: ശബരിമല നട തുറന്നതോടെ ഉരക്കുഴി തീർത്ഥത്തിലേക്കും അയ്യപ്പഭക്തന്മാരെത്തുന്നു

മകരവിളക്ക് തീർത്ഥാടനത്തിനായി ഇന്നലെ ശബരിമല ക്ഷേത്ര നട തുറന്നശേഷം പാണ്ടിത്താവളത്തിനടുത്തുള്ള ഉരക്കുഴി തീർത്ഥത്തിലേക്കും അയ്യപ്പഭക്തന്മാരെത്തിത്തുടങ്ങി.

കാനനപാതയിലൂടെ വരുന്ന തീർത്ഥാടകരിൽ പലരും ഉരക്കുഴി തീർത്ഥത്തിൽ മുങ്ങിക്കുളിച്ച ശേഷമാണ് സന്നിധാനത്തേക്കെത്തുന്നത്. പാണ്ടിത്താവളത്ത് നിന്നും 400 മീറ്ററിൽ താഴെ മാത്രമകലത്തിലാണ് ഉരക്കുഴി തീർത്ഥം. ശബരിമല ശാസ്താവിന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ട ഉരക്കുഴി തീർത്ഥം പാപനാശിനിയാണെന്നാണ് തീർത്ഥാടകരുടെ വിശ്വാസം. ശബരിമല ദർശനത്തിന് ശേഷവും തീർഥത്തിൽ മുങ്ങിക്കുളിച്ച് മലയിറങ്ങുന്ന തീർത്ഥാടകർ ഏറെയാണ്.

## ശബരിമലയിൽ ബുധനാഴ്ചത്തെ (01.01.2025) ചടങ്ങുകൾ

..............

പുലർച്ചെ
3ന് നട തുറക്കൽ.. നിർമ്മാല്യം
3.05ന് അഭിഷേകം
3.30ന് ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30ന് ഉഷപൂജ
12ന് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം
9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം, 11ന് നട അടയ്ക്കൽ

## കാനനപാത വഴി വരുന്ന അയ്യപ്പഭക്തർക്ക് പ്രത്യേക പാസ് നൽകുന്നത് നിർത്തലാക്കി

കാനനപാത വഴി കാൽനടയായി വരുന്ന അയ്യപ്പഭക്തർക്ക് മുക്കുഴിയിൽ വച്ച് പ്രത്യേക പാസ് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചതായി ദേവസ്വം ബോർഡ് അറിയിച്ചു. പമ്പ വഴി വെർച്വൽ ക്യൂ ആയും സ്പോട്ട് ബുക്കിംഗ് ആയും വരുന്ന അയ്യപ്പഭക്തർ ദർശനം കിട്ടാതെ മണിക്കൂറുകൾ കാത്തുനിൽക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഈ നടപടിയെന്ന് ദേവസ്വം ബോർഡ് അംഗം അഡ്വ. എ അജികുമാർ അറിയിച്ചു. 5000 പേർക്ക് പ്രത്യേക പാസ് നൽകാനായിരുന്നു നേരത്തെ ഉണ്ടായിരുന്ന ധാരണ. എന്നാൽ കാനനപാത വഴി വരുന്ന അയ്യപ്പഭക്തരുടെ എണ്ണം അഞ്ചിരട്ടിയായി വർദ്ധിച്ചു. ഈ സാഹചര്യത്തിലാണ് സ്പെഷ്യൽ പാസിന് നിയന്ത്രണം ഏർപ്പെടുത്തിയത്. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പ്രത്യേക പാസ് നൽകേണ്ടെന്നാണ് ബോർഡിന്റെ തീരുമാനം.